(ബി) ഈ വർഷം പുതുതായി എത്ര കാർട്ടേഴ്സുകളാണ് ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(സി) എല്ലാ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ചും കാർട്ടേഴ്സുകൾ പണിയാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 7912

(ബി) 282 (1985-86)

(സി) സർക്കാരിന്റെ സാമ്പത്തിക നിലയ്ക്കു വിധേയമായി എല്ലാ പോലീസ് സ്റ്റേഷനുകളോടനുബന്ധിച്ചും കാർട്ടേഴ്സ് പണിയണമെന്നാണ് സർക്കാരിന്റെ ഉദ്ദേശം.

പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിട നിർമ്മാണം

796. ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തികവർഷത്തിൽ സംസ്ഥാനത്ത് എത്തെല്ലാം പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു ;

(ബി) ജില്ലകൾ തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

വാസുദേവൻ നായരുടെ വിധവയുടെ കുടുംബ പെൻഷനുവേണ്ടിയുള്ള അപേക്ഷ

797. ശ്രീ. മണിമംഗലത്ത് കുട്ട്യാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് വിഭാഗത്തിലെ ഹെഡ്കോൺസ്റ്റബിൾ ആയിരുന്ന 7-2-1961-ൽ സർവ്വീസിലിരിക്കെ മരിച്ചുപോയ എം. വാസുദേവൻ നായരുടെ (എച്ച്. സി. റ്റി. 364) വിധവ കെ. ശ്യാമളാദേവി തനിക്ക് കുടുംബ പെൻഷൻ അനുവദിച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1985-ൽ ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) ശ്രീമതി ശ്യാമളാദേവിക്ക് കുടുംബ പെൻഷൻ അനുവദിച്ചു കൊടുക്കാൻ ഉടനടി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി), (സി) 11-2-1986-ലെ ജി. ഒ. (പി) 146/ഫിൻ/86 എന്ന ഉത്തരവ് പ്രകാരം 1-4-1964-ന് മുമ്പ് പെൻഷനാവുകയോ, സർവ്വീസിലിരിക്കെ മരണമടയുകയോ ചെയ്തവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കുടുംബ പെൻഷനുവേണ്ടി, പോലീസ് വകുപ്പ് മേധാവി മുഖേന അപേക്ഷിക്കുവാൻ ഹർജിക്കാരിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (161) കാണുക]

21-3-86-ലെ വിലനിലവാരം

സാധനങ്ങളുടെ പേര്	ശരാശരി മാർക്കറ്റ് വില (കിലോഗ്രാമിന്)	സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈടാക്കുന്ന വില (കിലോഗ്രാമിന്)	അന്തരം
	രൂപ	രൂപ	രൂപ
1. ആന്ധ്രാ പുഴുക്കലരി	3.89	3.25	0.64
2. ശബരി തേയില	27.50	27.40	0.10
3. പഞ്ചസാര	7.06	5.70	1.36
4. വെളിച്ചെണ്ണ	18.13	15.00	3.13
5. മൈദ	3.05	2.90	0.15
6. സൂജി	3.22	2.90	0.32
7. ചെറുപയർ	7.13	6.40	0.73
8. ചെറുപയർ പരിപ്പ്	7.84	8.20	+0.36
9. ഉഴുന്ന്	7.00	4.60	2.40
10. ഉഴുന്ന് പിളർന്നത്)	7.39	6.70	0.69
11. ഉഴുന്ന് (പരിപ്പ്)	8.51	7.50	1.01
12. കടല (വലുത്)	7.81	6.20	1.61
13. കടല (ചെറുത്)	7.43	5.70	1.73
14. തുവരപരിപ്പ്	7.46	7.10	0.36
15. പീസ് പരിപ്പ്	6.37	5.50	0.87
16. വൻപയർ	6.48	6.50	+0.02
17. മുളക്	14.64	13.00	1.64
18. മല്ലി	12.99	10.00	2.99
19. ജീരകം	23.13	16.10	7.03
20. കടുക്	6.94	5.90	1.04
21. ഉലുവ	6.54	5.00	1.54
22. ചക്കര	5.16	5.00	0.16
23. പുളി	9.69	7.50	2.19
24. മഞ്ഞൾ	18.75	17.60	1.15

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (796) കാണുക]

ജില്ല തിരിച്ചുള്ള വിവരം

തിരുവനന്തപുരം

1. വട്ടിയൂർക്കാവ്
2. പള്ളിച്ചൽ
3. മലയിൻകീഴ്
4. തിരുവല്ലം

2/2512/V.

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം

5. കൊല്ലം വെസ്റ്റ്

പത്തനം തിട്ട

6. കോന്നി
7. കൊടുമൺ
8. തിരുവല്ല

ആലപ്പുഴ

9. ആലപ്പുഴ നോർത്ത്
10. ആർത്തുങ്കൽ
11. മാവേലിക്കര
12. വള്ളികുന്നം
13. ചെങ്ങന്നൂർ
14. രാമങ്കരി

കോട്ടയം

15. കുമരകം
16. മണിമല
17. വാകത്താനം
18. മരങ്ങാട്ടുപള്ളി

കോഴിക്കോട്

19. ഫറൂക്ക്
20. കോടഞ്ചേരി
21. അത്തോളി
22. കക്കൂർ

ഇടുക്കി

23. തൊടുപുഴ
24. ഇടുക്കി

വയനാട്

25. കേണിച്ചിറ

കണ്ണൂർ

26. പയ്യന്നൂർ
27. കൊളവല്ലൂർ
28. ഇരിക്കൂർ
29. വളപട്ടണം
30. രാജപുരം
31. ചൊക്ലി
32. തളിപ്പറമ്പ്

എറണാകുളം

33. എറണാകുളം നോർത്ത്
34. ചെങ്ങമനാട്
35. ഞാറയ്ക്കൽ
36. കണ്ണമാലി
37. അമ്പലമേട്
38 മട്ടാഞ്ചേരി
39. ഏലൂർ

തൃശ്ശൂർ

40. പേരമംഗലം
41. കൊരട്ടി

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്

42. പുതുനഗരം
43 വാളയാർ
44. തൃത്താല

മലപ്പുറം

45. കാട്ടിപ്പരുത്തി
46. പരപ്പനങ്ങാടി
47. താനൂർ
48. മരുത

ഇതിനു പുറമെ 1986-87-ലെ ബഡ്ജറിൽ ഉൾപ്പെടുത്തിയിട്ടുള്ള പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണ ജോലികളും സർക്കാരിന്റെ സാമ്പത്തിക പരിമിതി കണക്കിലെടുത്തുകൊണ്ട് ചെയ്തു തീർക്കാവുന്നിടത്തോളം ചെയ്യുന്നതാണ്.

അനുബന്ധം III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (800) കാണുക]

GOVERNMENT OF KERALA

Abstract

CO-OPERATION—PADDY CULTIVATION—SCHEME FOR WAIVER OF INTEREST ON AGRICULTURAL LOANS ISSUED BY CO-OPERATIVES—SANCTIONED

AGRICULTURE (CO-OPERATION-B) DEPARTMENT

G.O.Ms.No. 166/85/AD. *Dated, Trivandrum 25th May, 1985.*

Read :—1. D. O. letter No. P&M 26315/85 dt. 9-5-1985 and 16-5-1985 from the Registrar of Co-operative Societies, Trivandrum.

2. G.O. (Rt.) No. 2255/85/Fin. dt. 24-5-1985.

ORDER

Considering the difficulties faced in the case of Paddy cultivation, especially by the small and marginal farmers engaged in paddy cultivation Government consider it necessary to give interest relief to those who own 2 hectares or less in respect of the short-term loans taken for paddy cultivation from Co-operative financing institutions and in such case where the loans have fallen into arrears as on 31-12-1984.

2. Government are pleased to sanction the scheme for interest relief to paddy cultivators who own 2 hectares or less in respect of short term loan taken by them from Co-operative Financing Institutions subject to the fallowing conditions :—

LIBRARY ARCHIVES Kerala Legislative Assembly